നെറ്റ്‌വർക്കിംഗ് പൂർത്തിയാകുന്നതോടെ കോമൺ ഇൻഫ്രാസ്ട്രക്ചറിന്റെ ആദ്യഭാഗം നിലവിൽ വരുന്നതാണ്. വകുപ്പുതല കർമ്മസമിതികൾ അതാത് വകുപ്പുകളിലും, അവർക്ക് മറ്റു വകുപ്പുകളിലേക്കും വേണ്ടിവരുന്ന നെറ്റ് വർക്കിങ്ങിന്റെ ആവശ്യകത പഠിച്ച് ശുപാർശകൾ നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത 34 വകുപ്പ് കർമ്മസമിതികളുടെ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് അതിനനുസരണമായിട്ടുള്ള ഒരു പൊതു ഇൻഫ്രാസ്ട്രക്ചർ വികസിപ്പിച്ചെടുക്കുന്നതാണ്.

10 (*10) രാത്രികാലങ്ങളിലെ കുറ്റകൃത്യങ്ങൾ തടയുന്നതിന് സംവിധാനം

ശ്രീ. എൻ.ആർ. ബാലൻ :

ശ്രീ. പി. രാഘവൻ :

ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രാത്രികാലങ്ങളിൽ കുറ്റകൃത്യങ്ങൾ തടയുന്നതിന് സർക്കാർ എന്തെങ്കിലും സംവിധാനം ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സംവിധാനത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) രാത്രികാലങ്ങളിലെ കുറ്റകൃത്യങ്ങൾ തടയുന്നതിന് സംസ്ഥാനത്തെ ഏതെല്ലാം നഗരങ്ങളിലാണ് ഇത് നടപ്പാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) ഈ സംവിധാനം സംസ്ഥാനത്ത് കൂടുതൽ നഗരങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ ഏതെല്ലാം നഗരങ്ങളിലേയ്ക്കാണ് പ്രസ്തുത സംവിധാനം വ്യാപിപ്പിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്) രാത്രികാലങ്ങളിലെ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള സംവിധാനം കുറ്റമറ്റതാക്കാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ),(ബി)&(സി) സംസ്ഥാനത്ത് രാത്രികാലങ്ങളിലെ കുറ്റകൃത്യങ്ങൾ തടയുന്നതിനുവേണ്ടി രാത്രികാല പോലീസ് പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയിട്ടുണ്ട്. രാത്രികാലങ്ങളിൽ എല്ലാ പോലീസ് സ്റ്റേഷനുകളിൽനിന്നും പോലീസ് പട്രോളിംഗ് സംവിധാനം തുടർന്നുവരുന്നുണ്ട്. ഇവയ്ക്ക് പുറമെ ഫ്ലൈയിംഗ് സ്കാഡ് സംവിധാനവും, മറ്റ് മൊബൈൽ പട്രോളിംഗ് സംവിധാനവും രാത്രികാലങ്ങളിൽ ഊർജ്ജിതമായി പ്രവർത്തിച്ചുവരുന്നു. സാമൂഹ്യ വിരുദ്ധരുടെ പ്രവർത്തനങ്ങൾ തടയുന്നതിനും അമർച്ച ചെയ്യുന്നതിനുമായി കോമ്പിംഗ് ഓപ്പറേഷനുകളും, വാഹനങ്ങൾ കടന്നുചെല്ലാൻ കഴിയാത്ത ഇടവഴികളിലും മറ്റും എത്തി കുറ്റകൃത്യങ്ങൾ തടയുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള റാപ്പിഡ് ആക്ഷൻ പട്രോളിംഗ് സംവിധാനവും, ഹൈവേ പട്രോളിംഗ് സംവിധാനവും രാത്രികാലങ്ങളിൽ ഊർജ്ജിതമായി പ്രവർത്തിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

രാത്രികാല പോലീസ് പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനു വേണ്ടി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ പാന്തർ പട്രോളിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

പാന്തർ പട്രോളിംഗ് സംവിധാനം ഇപ്പോൾ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിലാണ് പ്രവർത്തിക്കുന്നത്.

(ഡി)&(ഇ) ഇപ്പോൾ നടപ്പിലാക്കി വരുന്ന സ്ഥലങ്ങളിലെ അനുഭവങ്ങൾ വിലയിരുത്തിയതിനുശേഷം ആവശ്യമായ തീരുമാനങ്ങളെടുക്കുന്നതാണ്.

(എഫ്) രാത്രികാലങ്ങളിലെ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള സംവിധാനം വളരെ ഫലപ്രദമായാണ് പ്രവർത്തിക്കുന്നത്.

11 (*11) ഇൻഫർമേഷൻ ടെക്നോളജി വികസനം

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. ജി. സുധാകരൻ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. മോൻസ് ജോസഫ് :
ഡോ.കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ ടെക്നോളജി വികസിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി ആരംഭിച്ചിട്ടുള്ള വകുപ്പിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു;

(സി) ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് സ്കൂൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഇതിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്;

(ഇ) പ്രസ്തുത സ്കൂൾ എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കുമെന്നും ഇതിനായി എത്ര തുക ചെലവ് വരുമെന്നും വിശദീകരിക്കുമോ;

(എഫ്) സംസ്ഥാനത്ത് കമ്പ്യൂട്ടർ ശൃംഖല വ്യാപകമാക്കുന്നതിന്റെ ഭാഗമായി എന്തൊക്കെ പ്രാരംഭനടപടികളാണ് ഓരോ ഓഫീസിലും നടപ്പാക്കി വരുന്നത്;

(ജി) ഇൻഫർമേഷൻ ടെക്നോളജി മേഖലയുടെ വികസനത്തിലൂടെ സാധാരണക്കാരന് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(എച്ച്) ഇൻഫർമേഷൻ ടെക്നോളജിക്കുവേണ്ടി സർക്കാർ എന്ത് തുകയുടെ പദ്ധതികളാണ് ആവിഷ്കരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) സംസ്ഥാനത്ത് ഇൻഫർമേഷൻ ടെക്നോളജി വികസനം ലക്ഷ്യമാക്കി സമഗ്രമായ ഒരു ഇൻഫർമേഷൻ ടെക്നോളജി നയം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. സുശക്തമായ ഒരു ഐ.റ്റി. വ്യവസായ അടിത്തറകെട്ടിപ്പടുക്കുക, ആവശ്യമായ മാനവശേഷി വികസനവും വിവര വിനിമയ സാങ്കേതിക

LIBRARY ARCHIVES Kerala Legislative Assembly